നം.ക്യൂ.ഐ.പി(1)/37637/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 14.01.2020

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർസെക്കന്ററി വിഭാഗം),
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം),
എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും,
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം).

സർ,

വിഷയം :- പൊ.വി.വ. ''നൈതികം'' റിപ്പബ്ലിക് ദിനാഘോഷം - ഭരണഘടനയുടെ ആമുഖം സ്കൂൾ അസംബ്ലിയിൽ വായിക്കുന്നത് - സംബന്ധിച്ച്.

സൂചന :- SCERT ഡയറക്ടറുടെ 09/01/2020 - ലെ കത്ത് നമ്പർ പ്രോഗ്രാം 5/1978/19/എസ്.സി.ഇ.ആർ.ടി.

****

''നൈതികം'' പദ്ധതിയുടെ ഭാഗമായി പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി സ്കൂളുകൾ മാതൃകാ ഭരണഘടന തയ്യാറാക്കിയിട്ടുണ്ട്. ജനുവരി 26- ന്റെ ഭരണഘടനാ സംരക്ഷണ ദിനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സ്കൂളുകൾക്ക് നേരത്തേ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശ പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി സ്കൂളുകൾക്ക് നൽകുന്നു.

1. ഭരണഘടന സംരക്ഷണദിനവുമായി ബന്ധപ്പെട്ട് 2020 ജനുവരി 24 ന് പ്രത്യേക സ്കൂൾ അസംബ്ലി ചേരേണ്ടതാണ്.
2. അതിൽ ഇതോടനുബന്ധിച്ച് നൽകിയ ഇന്ത്യൻ ഭരണഘടനയുടെ ആമുഖം സ്കൂൾ ലീഡർ വായിച്ചു കൊടുക്കുകയും മറ്റുള്ളവർ ഏറ്റുപറയുകയും ചെയ്യണം.
3. 2020 ജനുവരി 24 ന് ഏതെങ്കിലും സ്കൂളിന് അവധിയാണെങ്കിൽ ജനുവരി 25 ന് പ്രത്യേക അസംബ്ലിയും ഇന്ത്യൻ ഭരണഘടനയുടെ ആമുഖ വായനയും നടത്തേണ്ട താണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ

ഉള്ളടക്കം - ഇന്ത്യൻ ഭരണഘടനയുടെ ആമുഖം.

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ളിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരൻമാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും** ;

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും** ;

പദവിയിലും അവസരത്തിലും **സമത്വവും** ;
സംപ്രാപ്തമാക്കുവാനും ;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും ;

സഗൗരവം തീരുമാനിച്ചിരിക്കയാൽ ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 – ലെ ഭരണഘടന (നാൽപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2–ാം വകുപ്പുപ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ളിക്" എന്നതിന് പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം)
2. മേല്പറഞ്ഞ ആക്ററ് 2–ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).